പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4420

27.06.2013 ൽ മറുപടിക്ക്

**പാചക വാതകം - ഡെലിവറി ചാർജ്ജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി.എഫ്. തോമസ്:<br>,, മോൻസ് ജോസഫ്:<br>,, റ്റി.യു. കുരുവിള<br>,, തോമസ് ഉണ്ണിയാടൻ: | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) | |
| (എ) | പാചക വാതകം വിതരണം ചെയ്യുമ്പോൾ ഡെലിവറി ചാർജ്ജ് ഇനത്തിൽ അമിത ചാർജ്ജ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പാചക വാതകം വിതരണം ചെയ്യുമ്പോൾ ഡെലിവറി ചാർജ്ജ് ഇനത്തിൽ അമിത ചാർജ്ജ് ഈടാക്കുന്നതായ ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പരാതികൾ ജില്ല/താലൂക്ക് തല ഗ്യാസ് അദാലത്തുകളിൽ വച്ച് തീർപ്പാക്കി നല്കുകയാണ് ചെയ്യുന്നത്. |
| (ബി) | പാചക വാതക വിതരണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിക്കുകയോ, അത് സംബന്ധിച്ച് അവശ്യമായ അന്വേഷണം നടത്തുകയോ, നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ? | (ബി) | ഉണ്ട്; പാചക വാതക വിതരണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ അന്വേഷണത്തിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട ജില്ലകളിലേയ്ക്ക് നല്കുന്നു. ലഭിയ്ക്കുന്ന പരാതികളിന്മേൽ അന്വേഷണം നടത്തുകയും, ഗ്യാസ് അദാലത്തുകളിൽ വച്ച് തീർപ്പുകല്പിക്കുകയും, എൽ.പി.ജി. ഓർഡർ 2000 അനുസരിച്ച് ശിക്ഷാനടപടികൾ കൈക്കൊള്ളേണ്ടതായിട്ടുണ്ടെങ്കിൽ അപ്രകാരം ചെയ്യുകയുമാണ് ചെയ്തുവരുന്നത്. കൂടാതെ ഇത്തരം പരാതികൾ ഉണ്ടായാൽ അവ അന്വേഷണ വിധേയമാക്കുകയും 2001 ലെ എൽ.പി.ജി. മാർക്കെറ്റിംഗ് ഗൈഡ് ലൈൻസ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ടെന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ